പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1519 | 15.06.2012 ൽ മറുപടിയ്ക്ക് |
|---|---|

**ഉദുമ നിയോജക മണ്ഡലത്തിൽ അംഗൻവാടി**

| | ചോദ്യം | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജക മണ്ഡലത്തിൽ അംഗൻവാടി പ്രോജക്ട് നടപ്പിലാക്കുന്നതിനായി അധിക തുക ബന്ധപ്പെട്ട പഞ്ചായത്ത് നൽകാമെന്നതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ തുടങ്ങാനുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; | (എ) ഉദുമ നിയോജക മണ്ഡലത്തിൽപ്പെട്ട മൂളിയാർ ഗ്രാമ പഞ്ചായത്തിൽ സെൻറർ 14 കെട്ടുങ്കല്ല് അംഗൻവാടിയ്ക്ക് കെട്ടിടം പണിയുന്നതിന് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 2011-12 സാമ്പത്തിക വർഷം 3,50,000/- രൂപ അനുവദിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഈ തുക തികയാത്ത കാരണത്താൽ ഗ്രാമപഞ്ചായത്ത് 2012-13 സാമ്പത്തിക വർഷം അധിക തുക വകയിരുത്തി ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ ? | (ബി) ഗ്രാമപഞ്ചായത്ത് പ്രോജക്ടിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ